തീർച്ചയായും ഈ പതാക ഞാൻ നാളെ ഒരാളെ ഏൽപ്പിക്കുന്നതാണ്; അല്ലാഹുവിനെയും റസൂലിനെയും അദ്ദേഹം സ്നേഹിക്കുന്നു. അല്ലാഹു അദ്ദേഹത്തിനെ കൊണ്ട് വിജയം നൽകുന്നതാണ്

അബൂ ഹുറൈറ -رَضِيَ اللَّهُ عَنْهُ- നിവേദനം: ഖൈബർ യുദ്ധദിവസം നബി -ﷺ- പറഞ്ഞു: "തീർച്ചയായും ഈ പതാക ഞാൻ നാളെ ഒരാളെ ഏൽപ്പിക്കുന്നതാണ്; അല്ലാഹുവിനെയും റസൂലിനെയും അദ്ദേഹം സ്നേഹിക്കുന്നു. അല്ലാഹു അദ്ദേഹത്തിനെ കൊണ്ട് വിജയം നൽകുന്നതാണ്." ഉമർ -رَضِيَ اللّٰهُ عَنْهُ- പറയാറുണ്ടായിരുന്നു: "അന്നേ ദിവസമല്ലാതെ മറ്റൊരു ദിവസവും ഞാൻ അധികാരം ആഗ്രഹിച്ചിട്ടില്ല . എന്നെ അതിനായി വിളിക്കുന്നതിന് വേണ്ടി ഞാൻ തിരക്കിട്ടു പോയിട്ടുണ്ട് . എന്നാൽ നബി -ﷺ- അലി ബ്നു അബീ ത്വാലിബ് -رَضِيَ اللّٰهُ عَنْهُ- വിനെ വിളിക്കുകയും, അദ്ദേഹത്തിന് പതാക നൽകുകയും ചെയ്തു. ശേഷം അവിടുന്ന് അലിയോട് പറഞ്ഞു: "മുന്നോട്ടു നടക്കുക . അല്ലാഹു വിജയം നൽകുന്നത് വരെ തിരിഞ്ഞു നോക്കരുത്." അങ്ങനെ അലി -رَضِيَ اللّٰهُ عَنْهُ- കുറച്ചു ദൂരം നടന്നതിന് ശേഷം ഒന്നു നിന്നു; തിരിഞ്ഞു നോക്കാതെ അദ്ദേഹം വിളിച്ചു ചോദിച്ചു: "അല്ലാഹുവിന്റെ റസൂലേ! എന്തിന്റെ പേരിലാണ് ഞാൻ ജനങ്ങളോട് യുദ്ധം ചെയ്യേണ്ടത്?!" നബി -ﷺ- പറഞ്ഞു: "അല്ലാഹുവല്ലാതെ ആരാധനക്ക് അർഹനായി മറ്റാരുമില്ലെന്നും, മുഹമ്മദ് -ﷺ- അല്ലാഹുവിന്റെ ദൂതനാണെന്നും അവർ സാക്ഷ്യം വഹിക്കുന്നത് വരെ അവരോട് യുദ്ധം ചെയ്യുക. അതവർ അംഗീകരിച്ചാൽ അവരുടെ രക്തവും സമ്പാദ്യവും നിന്നിൽ നിന്ന് അവർ സുരക്ഷിതമാക്കിയിരിക്കുന്നു ; ഇസ്ലാമിന്റെ പേരിലുള്ള അവകാശങ്ങളൊഴികെ. അവരുടെ വിചാരണ അല്ലാഹുവിന്റെ മേലാകുന്നു."

[صحيح] [رواه مسلم]

മദീനയുടെ അടുത്തുള്ള ഖയ്ബറിൽ താമസിച്ചിരുന്ന യഹൂദരുമായുള്ള യുദ്ധത്തിൽ അടുത്ത ദിവസം വിജയം ലഭിക്കുമെന്ന് നബി -ﷺ- സ്വഹാബികളെ അറിയിച്ചു. താൻ പതാക ഏൽപ്പിക്കുന്ന ഒരാളുടെ നേതൃത്വത്തിലായിരിക്കും അതെന്നും, അദ്ദേഹം അല്ലാഹുവിനെയും റസൂലിനെയും സ്നേഹിക്കുന്നയാളും, അല്ലാഹുവും റസൂലും സ്നേഹിക്കുന്ന വ്യക്തിയുമായിരിക്കുമെന്നും അവിടുന്ന് അറിയിച്ചു. അന്നേ ദിവസമല്ലാതെ മറ്റൊരു ദിവസവും താൻ നേതൃത്വത്തിനായി ആഗ്രഹിച്ചിട്ടില്ലെന്നും , അത് തന്റെ ലക്ഷ്യമായിട്ടില്ലെന്നും ഉമർ ബ്നുൽ ഖത്താബ് -رَضِيَ اللّٰهُ عَنْهُ- പറയാറുണ്ടായിരുന്നു. അല്ലാഹുവും റസൂലും സ്നേഹിക്കുന്ന വ്യക്തി എന്ന പദവി ലഭിക്കുക എന്ന ആഗ്രഹമായിരുന്നു അതിന് അദ്ദേഹത്തെ പ്രേരിപ്പിച്ചത്. അന്നേ ദിവസം നബി -ﷺ- തന്നെ പതാകയേൽപ്പിക്കുന്നതിന് വേണ്ടിയും അവിടുന്ന് തന്നെ വിളിക്കുന്നതിന് വേണ്ടിയും അദ്ദേഹം തന്റെ ശരീരം ഉയർത്തിപ്പിടിക്കുക വരെ ചെയ്തു. പക്ഷേ നബി -ﷺ- അലി ബ്നു അബീ ത്വാലിബ് -رَضِيَ اللّٰهُ عَنْهُ- വിനെയാണ് വിളിച്ചതും, അദ്ദേഹത്തിനാണ് പതാക നൽകിയതും. സൈന്യവുമായി മുന്നോട്ട് ചലിക്കാനും , ശത്രുവുമായുള്ള ഏറ്റുമുട്ടൽ ആരംഭിച്ചു കഴിഞ്ഞാൽ പിന്നീട് വിശ്രമത്തിനോ ഇടവേളക്കോ സന്ധിസംഭാഷണത്തിനോ വേണ്ടി യുദ്ധം നിർത്തി വെക്കരുതെന്നും പിന്തിരിയരുതെന്നും, യഹൂദരുടെ കോട്ടകൾക്ക് മേൽ അല്ലാഹു വിജയവും അധീശത്വവും നൽകുന്നത് വരെ യുദ്ധം തുടരണമെന്നും നബി -ﷺ- അദ്ദേഹത്തിന് നിർദേശം നൽകി. അങ്ങനെ അലി -رَضِيَ اللّٰهُ عَنْهُ- മുന്നോട്ട് നടന്നു; പൊടുന്നനെ അദ്ദേഹം തന്റെ നടത്തം നിർത്തി. പിന്തിരിയരുത് എന്ന് നബി -ﷺ- കൽപ്പിച്ചതിന് എതിര് പ്രവർത്തിക്കാതിരിക്കാൻ വേണ്ടി അദ്ദേഹം തിരിഞ്ഞു നോക്കിയില്ല . മറിച്ച് , തന്റെ ശബ്ദം ഉയർത്തി കൊണ്ട് അദ്ദേഹം വിളിച്ചു പറഞ്ഞു:

"അല്ലാഹുവിന്റെ റസൂലേ! ഏതു കാര്യത്തിനാണ് ഞാൻ ജനങ്ങളോട് പോരാടേണ്ടത്?" നബി -ﷺ- പറഞ്ഞു: "അല്ലാഹുവല്ലാതെ ആരാധനക്ക് അർഹനായി മറ്റാരുമില്ലെന്നും, മുഹമ്മദ് നബി -ﷺ- അല്ലാഹുവിന്റെ ദൂതനാണെന്നും അവർ സാക്ഷ്യം വഹിക്കുന്നത് വരെ നീ അവരോട് പോരാടുക . അവർ നിന്റെ ക്ഷണത്തിന് ഉത്തരം നൽകുകയും, ഇസ്ലാമിൽ പ്രവേശിക്കുകയുമാണെങ്കിൽ തങ്ങളുടെ ജീവനും സമ്പത്തും അവർ നിന്നിൽ നിന്ന് സംരക്ഷിച്ചിരിക്കുന്നു . പിന്നെ അവ ഹനിക്കുക എന്നത് നിനക്ക് മേൽ നിഷിദ്ധമാവുകയും ചെയ്തിരിക്കുന്നു . ഈ (സാക്ഷ്യവചനത്തിന്റെ) തേട്ടമനുസരിച്ചുള്ള കാര്യത്തിനല്ലാതെ അവരുടെ രക്തം പിന്നീട് ചിന്തപ്പെടുന്നതല്ല. അവർ വധശിക്ഷക്ക് അർഹരാകുന്ന വിധത്തിലുള്ള എന്തെങ്കിലും കുറ്റകൃത്യം ചെയ്യുകയോ അതിക്രമം പ്രവർത്തിക്കുകയോ ചെയ്താൽ ഇസ്ലാമിക ശിക്ഷാവിധികൾക്ക് വിധേയമായി അവർ വധിക്കപ്പെടുന്നതാണ്; അവരുടെ വിചാരണ അല്ലാഹുവിങ്കലായിരിക്കും.

http://www.sunnah.global/hadeeth/ml/show/4958